**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

**പത്രക്കുറിപ്പ് 2 'ഭരണഭാഷ-മാതൃഭാഷ' 2019 നവംബർ 20 ബുധൻ**

# ജില്ലയിലെ നാല് ഗ്രാമപ്പഞ്ചായത്തുവാർഡുകളിൽ ഉപതെരഞ്ഞെടുപ്പ് ഡിസംബർ 17ന്

ആലപ്പുഴ:ജില്ലയിലെ നാല് ഗ്രാമപ്പഞ്ചായത്തുവാർഡുകളിൽ ഉപതെരഞ്ഞെടുപ്പ് ഡിസംബർ 17നു നടക്കും.18നാണ് വോട്ടെണ്ണൽ.അരൂക്കുറ്റി ഗ്രാമപ്പഞ്ചായത്ത് -11 -ഹൈസ്കൂൾ വാർഡ്,പുളിങ്കുന്ന് ഗ്രാമപ്പഞ്ചായത്ത്-16-ചതുർഥ്യാകരി വാർഡ്,പത്തിയൂർ ഗ്രാമപ്പഞ്ചായത്ത്- 17 -കരുവാറ്റുംകുഴി വാർഡ്,ദേവികുളങ്ങര ഗ്രാമപ്പഞ്ചായത്ത്-12-കുമ്പിളിശ്ശേരി വാർഡ് എന്നിവിടങ്ങളിലാണ് ഉപതെരഞ്ഞെടുപ്പ്.

വിജ്ഞാപനം പ്രാബല്യത്തിലാകുന്ന ഇന്നു(21112019 )മുതൽ സ്ഥാനാർത്ഥികൾക്ക് നാമനിർദേശ പത്രികകൾ സമർപ്പിക്കാം.രാവിലെ 11 മുതൽ വൈകുന്നേരം മൂന്നുവരെയാണ് പത്രികസമർപ്പണ സമയം.ഈമാസം 28 ആണ് പത്രികസമർപ്പണത്തിനുള്ള അവസാന തീയതി.29നു സൂക്ഷ്മ പരിശോധന നടക്കും.പത്രിക പിൻവലിക്കാനുള്ള അവസാന തീയതി ഡിസംബർ ര ്.

തെരഞ്ഞെടുപ്പ് പ്രക്രിയകളുടെ ഭാഗമായി ജില്ലാകളക്ടറേറ്റിൽ വരണാധികാരികളുടെയും ഉപ വരണാധികാരികളുടെയും യോഗം ചേർന്നു.ഡെപ്യൂട്ടി കളക്ടർ(എൽ എ ) വിജയൻ.എസ് അധ്യക്ഷത വഹിച്ചു.ഡെപ്യൂട്ടി തഹസിൽദാർ (ഇലക്ഷൻ ) അൻവർ സംസാരിച്ചു.

# പാചകവാതക അദാലത്ത് നടന്നു

ആലപ്പുഴ: ജില്ലയിലെ പാചകവാതക വിതരണ രംഗത്തെ പരാതികൾ പരിഹരിക്കുന്നതിനായി അദാലത്ത് നടന്നു. കളക്ട്രേറ്റ് നാഷണൽ സേവിംങ്സ് സ്കീമിന്റെ ഹാളിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് വി.ഹരികുമാറിന്റെ സാന്നിധ്യത്തിൽ നടന്ന

അദാലത്തിന് ജില്ലാ സിവിൽ സപ്ലൈയ്സ് ഓഫീസർ മുരളീധരൻ നായർ നേതൃത്വം നൽകി. യോഗത്തിൽ ഉപഭോക്താക്കൾ സമർപ്പിച്ച പരാതികളെക്കുറിച്ച് ചർച്ച ചെയ്യുകയും പരാതി പരിഹാര നടപടികൾക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശങ്ങൾ നൽകുകയും ചെയ്തു.

യോഗത്തിൽ ഉപഭോക്തൃ സംഘടനാ പ്രതിനിധികൾ മുന്നോട്ട് വെച്ച കാലപ്പഴക്കമുള്ള സിലി റുകൾ മാറ്റണം, സിലി റുകളുടെ തൂക്കം ഉപഭോക്താവിന് അറിയാനുള്ള സംവിധാനം, അധിക വിതരണക്കൂലിക്ക് പരിഹാരം തുടങ്ങിയ ആവശ്യങ്ങൾക്ക് ഉടനടി നടപടിയു ാകുമെന്ന് അധികൃതർ ഉറപ്പ് നൽകി.

സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ, ലീഗൽ മെട്രോളജി ഉദ്യോഗസ്ഥർ, ഉപഭോക്തൃ സംഘടനാ പ്രതിനിധികൾ, വിവിധ ഗ്യാസ് കമ്പനി ഉദ്യോഗസ്ഥർ, ഗ്യാസ് ഏജൻസി ഉദ്യോഗസ്ഥർ,ഉപഭോക്താക്കൾ തുടങ്ങിയവർ അദാലത്തിൽ പങ്കെടുത്തു.

# ജില്ലാ ആസൂത്രണസമിതിയോഗം ചേർന്നു

ആലപ്പുഴ: ജില്ലാ ആസൂത്രണസമിതിയോഗം ചേർന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ഭേദഗതിക്ക് അംഗീകാരം നൽകുന്നതുസംബന്ധിച്ചു ചേർന്ന യോഗത്തിൽ തലവടി, വെണ്മണി,പുറക്കാട് ഗ്രാമപഞ്ചായത്തുകൾക്ക് വാർഷിക പദ്ധതി ഭേദഗതി അംഗീകാരം നൽകി.

പെർഫോമൻസ് ഗ്രാന്റ് വിഹിതം ലഭിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ഭേദഗതിയും യോഗം അംഗീകരിച്ചു. ആലപ്പുഴ, കായംകുളം, ചേർത്തല, മണ്ണഞ്ചേരി, അരൂർ ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതി ഭേദഗതിയ്ക്കാണ് അംഗീകാരം നൽകിയത്.

ജില്ലാ ആസൂത്രണ സമിതി കോൺഫറൻസ് ഹാളിൽ നടന്ന യോശഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി. വേണുഗോപാൽ അദ്ധ്യക്ഷത വഹിച്ചു. നഗരസഭാദ്ധ്യക്ഷൻ ഇല്ലിക്കൽ കുഞ്ഞുമോൻ, ഡെപ്യൂട്ടി ജില്ലാ പ്ലാനിംഗ് ഓഫീസർ എച്ച്. അബ്ദുൾസലാം, എഡിഎം ഹരികുമാർ, തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# സംസ്ഥാന ജൈവവൈവിധ്യ ബോർഡ്: അധ്യാപകർക്ക് ശാസ്ത്ര പ്രബന്ധ മത്സരം സംഘടിപ്പിക്കും

ആലപ്പുഴ: കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് കാലാവസ്ഥ വ്യതിയാനം, പ്രകൃതി ദുരന്തം എന്നിവയെ അതിജീവിച്ച പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണ

മാതൃകകൾ എന്ന പേരിൽ ശാസ്ത്ര പ്രബന്ധ രചന മത്സരം സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ കോളജ് അധ്യാപകർക്കായി സംഘടിപ്പിക്കുന്നു. ശാസ്ത്ര പ്രബന്ധം ഇംഗ്ലീഷിലോ മലയളാത്തിലെ ടൈപ്പ് ചെയ്തതതായിരിക്കണം. പ്രബന്ധ രചന ര ായിരം വാക്കുകൾ കവിയരുത്. ഫോ സൈസ് 12 ആയിരിക്കണം. ര ു ചിത്രങ്ങൾ പ്രബന്ധത്തോടൊപ്പം അയക്കാം. എൻട്രികൾ ഒറിജിനൽ ആയിരിക്കണം. മുമ്പ് പ്രസിദ്ധീകരിച്ചതോ, പകർത്തി എഴുതിയതോ ആകരുത്. പ്രബന്ധത്തിന്റെ പ്രിന്റ് പകർപ്പ് തപാലിലും, സോഫ്റ്റ് പകർപ്പ് പി.ഡി.എഫ് ആയി ഇ-മെയിലിലും (ksbentries@gmail.com) അയയ്ക്കണം. പ്രൊഫോർമയിൽ മാതൃക പ്രവർത്തനം ഉൾപ്പെട്ട പ്രദേശത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പേര് അധ്യക്ഷൻ/സെക്രട്ടറി എഴുതണം. നല്ല എൻട്രികൾ ഉൾപ്പെടുത്തി പുസ്തക രൂപത്തിൽ ഒരു പബ്ലിക്കേഷൻ തയ്യാറാക്കുന്നതാണ്. മികച്ച മാതൃകകൾ റിപ്പോർട്ട് ചെയ്യുന്നതിന് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും സർട്ടിഫിക്കറ്റുകൾ നൽകും. ഡിസംബർ 15നകം പൂരിപ്പിച്ച പ്രൊഫോർമ സഹിതം തപാലിൽ മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവിധ്യ ബോർഡ് ബെൽഹാവൻ ഗാർഡൻ, കാവടിയാർ, തിരുവനന്തപുരം 695003 എന്ന വിലാസത്തിൽ അയയ്ക്കണം. കൂടുതൽ വിവരത്തിന് ഫോൺ: 9447978921.

# ശരണ്യ സ്വയം തൊഴിൽ പദ്ധതിയുടെ ജില്ലാതല കമ്മിറ്റി യോഗം

ആലപ്പുഴ: ശരണ്യ സ്വയം തൊഴിൽ പദ്ധതിയുടെ ജില്ലാതല കമ്മിറ്റി ഡിസംബർ ര ിനും, മൂന്നിനും രാവിലെ 10.30ന് ജില്ല കളക്ടറുടെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.